## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 867** **04/03/2020-ലെ മറുപടി**

## കുടിവെള്ള ക്ഷാമം നേരിടാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| എ) | കടുത്ത വേനലിൽ സംസ്ഥാനത്ത് രൂക്ഷമായികൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമം നേരിടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കടുത്ത വേനലിൽ സംസ്ഥാനത്ത് രൂക്ഷമായി കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം നേരിടുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ- ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ച് ബാക്കിയുള്ള ജലം മാത്രം കനാലുകളിലൂടെ തുറന്ന് വിടുക. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക, കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിങ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുക. പമ്പിങ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്തുക കൂടുതൽ പമ്പിങ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക, ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണ ശൃംഖല ശക്തിപെടുത്തലും ഘട്ടം ഘട്ടം ആയി നടപ്പാക്കുക. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക, അടിയന്തിര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിങ് പോയിന്റുകൾ ഏർപ്പെടുത്തുക, ഉപേക്ഷിച്ച പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുക എന്നിവയാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ലോകബാങ്കിന്റെ ധന സഹായത്തോടുകൂടി നടപ്പിലാക്കി കൊണ്ടിരുന്ന ജലനിധി പദ്ധതിയുടെ കാലാവധി 2019 ജൂണിൽ അവസാനിച്ചു. രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കിയ 2169 പദ്ധതിയിലൂടെ ജല വിതരണം നടത്തി വരുന്നു. എന്നാൽ ജലനിധി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയതിൽ ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തന ക്ഷമമല്ലാത്ത 924 പദ്ധതികൾ പുനരുദ്ധരിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തികൾ state Plan fund ഉപയോഗിച്ച് ചെയ്തു വരുന്നു. ലഭ്യമായ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചും ജല ഉപഭോഗം നിയന്ത്രിച്ചും കടുത്ത ജല ക്ഷാമം നേരിടുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു ജലനിധി പദ്ധതിയിലുൾപെട്ട ഗ്രാമപഞ്ചായത്തുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>കെ.ആർ.ഡബ്ല്യൂഎസ്സ്.എ. യുടെ നേതൃത്വത്തിൽ പ്രവർത്തിയ്ക്കുന്ന 'മഴകേന്ദ്രം' മുഖാന്തിരം നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം – ഭൂജല പരിപോഷണം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിയ്ക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചു നൽകുന്നുണ്ട്. മഴക്കാലത്ത് സംഭരിച്ചു വയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിയ്ക്കുവാൻ സാധിയ്ക്കുന്നതിലൂടെ വേനൽ മാസങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ സഹായകരമാകുന്നുണ്ട്.<br>നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 10 ഗ്രാമപഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ചു റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | കുട്ടനാട്, അപ്പർ കുട്ടനാട്, ചെങ്ങന്നൂരിന്റെ ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്നറിയിക്കാമോ? | ബി) | അപ്പർ കുട്ടനാട്ടിലെ പഞ്ചായത്തുകളായ നെടുമ്പ്രം, നിരണം, കടപ്ര പെരിങ്ങര എന്നീ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതിയുടെ 14 MLD ശുദ്ധീകരണ ശാല പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടുള്ള നിരണം, കടപ്ര പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലക്ക് 20 കോടി രൂപ നബാർഡിൽ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ നടന്നു വരുന്നു.<br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുട്ടനാട് അപ്പർ കുട്ടനാട്, ചെങ്ങന്നൂരിന്റെ ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി 3 പദ്ധതികളുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | I. കുട്ടനാട് മേഖലയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി-ഘട്ടം -2 .<br>II. ആല, പുലിയൂർ ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെണ്മണി പഞ്ചായത്തു കളിലേക്കും ചെങ്ങന്നൂർ നഗരസഭയ്ക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി<br>III ആലപ്പുഴ മുനിസിപ്പാലിറ്റി, ആര്യാട് മണ്ണഞ്ചേരി മാരാരിക്കുളം സൗത്ത്, പഞ്ചായത്തുകളിലെ വിതരണ ശൃംഖല വിപുലീകരണം<br>ഇതിൽ ചെങ്ങന്നൂർ പദ്ധതിയുടെ പാക്കേജ്-1-ന്റെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തി കളുടെ അടങ്കൽ തയ്യാറാക്കി വരുന്നു . Land acquisition ന് നടപടികൾ സ്വീകരിച്ചുവരുന്നു .<br>കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ ഉൾപ്പെടുന്ന നീലംപേരൂർ, രാമങ്കരി, എടത്വ, കാവാലം, പുളിങ്കുന്ന്, എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജലനിധി 'മഴവെള്ള സംഭരണം – ഭൂജല പരിപോഷണം' പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ളസംഭരണി നിർമ്മിച്ചു നൽകിയിട്ടുണ്ട്. മേൽപറഞ്ഞ നാല് പഞ്ചായത്തുകളിലായി 725 കുടുംബങ്ങൾക്ക് കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലായി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളത്. |

Renuka Sankar

സെക്ഷൻ ഓഫീസർ